**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2468** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>ജി.എസ്. ടി നടപ്പിലാക്കിയതിൽ ഉണ്ടായ സാമ്പത്തിക നഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. രാജഗോപാലൻ
ശ്രീ. എം. രാജഗോപാലൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജി.എസ്.ടി. നടപ്പിലാക്കിയതു മുതൽ സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ എത്ര കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നും ഇത് ഏതൊക്കെ വർഷങ്ങളിലാണെന്നും അറിയിക്കാമോ?

**<u>മറുപടി:</u>** ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത്, 2015-16 ലെ അടിസ്ഥാന നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കാക്കി 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. ഇതിന്റെ കാലാവധി 2022 ജൂൺ മാസത്തോടെ അവസാനിച്ചു.

ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വായ്പയായി ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ വായ്പയായി തുക അനുവദിക്കപ്പെട്ടുവെങ്കിലും അതിന്റെ തിരിച്ചടവ് സംസ്ഥാനത്തിന്റെ ബാധ്യതയല്ല.

**സെക്ഷൻ ഓഫീസർ**